## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4612 26.10.2016-ന് മറുപടിയ്ക്ക്**

## വനം കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | **ശ്രീ. കെ. രാജു**<br>**ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വനം കയ്യേറ്റം തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (എ) | വനം കൈയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തികളിൽ ജണ്ടകളും, കയ്യാലകളും നിർമ്മിച്ചും, ഫീൽഡ് പട്രോളിംഗ് നിരന്തരം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണം സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃത വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 1957 ലെ ഭൂസംരക്ഷണ നിയമം, 1961 ലെ കേരളവന നിയമം എന്നിവയിൽ അനുശാസിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | വനാതിർത്തിയുടെ സർവ്വേയും ജെണ്ട കെട്ടി അടയാളപ്പെടുത്തലും സമയബന്ധിതമായി പൂർത്തിയാക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | വനാതിർത്തിയുടെ സർവ്വേയും ജണ്ട കെട്ടി അടയാളപ്പെടുത്തലും സമയ ബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ആയത് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | വനാവകാശ നിയമപ്രകാരമുള്ള വ്യക്തിഗത അവകാശങ്ങൾ നൽകുന്നത് വേഗത്തിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | റവന്യൂ, വനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ സംയുക്തമായിട്ടാണ് വനാവകാശം നൽകുന്നത്. വനം വകുപ്പ് വനാവകാശ നിയമം നടപ്പാക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ ഇതിന്റെ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് നൽകി വരുന്നു. 30.08.2016 വരെ വ്യക്തിഗത അവകാശങ്ങൾക്കായി ലഭിച്ച 38081 അപേക്ഷകളിൽ 24990 ടൈറ്റിലുകൾ വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**